ഉത്തരം

(എ ആന്റ് ബി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ശബരി ചായപ്പൊടി സംസ്ഥാനത്തിനു പുറത്തുനിന്നും ശേഖരിക്കുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊച്ചിയിലെ ആഴ്ചതോറുമുള്ള ലേലത്തിൽ പങ്കെടുത്താണ് തേയില ശേഖരിക്കുന്നത്.

(സി) തെക്കേ ഇന്ത്യയിലെ തേയില തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന തേയില, ടീ ബോർഡ് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും നടക്കുന്ന ലേലത്തിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്നത്.

(ഡി) ബ്ലെന്റ് ചെയ്യാനുള്ള തേയില കൊച്ചിയിലെ ആഴ്ചതോറുമുള്ള ലേലത്തിൽ പങ്കെടുത്ത് ശേഖരിക്കുകയും ആയത് ആവശ്യമായ രുചിയും മറ്റു ഗുണങ്ങളും ലഭിക്കത്തക്ക രീതിയിൽ ബ്ലെന്റ് ചെയ്ത് വിവിധതരം പാക്കറ്റുകളിലും ചാക്കിലും നിറച്ച് തയ്യാറാക്കി വിതരണം ചെയ്യുന്നു. ശബരി തേയില സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾ വഴിയും, റേഷൻ കട, കുടുംബശ്രീ യൂണിറ്റുകൾ തിരഞ്ഞെടുത്ത അംഗീകൃത വിതരണക്കാർ വഴിയും വിറ്റുവരുന്നു.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വസ്തുവകകൾ അന്യാധീനപ്പെടുന്നത് തടയാൻ നടപടി

43 [2012] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിലുള്ള വസ്തുവകകൾ നിയമക്കുരുക്കിൽപ്പെട്ട് അന്യാധീനപ്പെട്ടുപോകുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ പോകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയെ നിയമക്കുരുക്കിൽ നിന്നും മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ കോർപ്പറേഷന്റെ അധീനതയിലായ വസ്തുവകകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിലുള്ള വസ്തുവകകൾ നിയമക്കുരുക്കിൽപ്പെട്ട് അന്യാധീനപ്പെട്ടു പോകുകയോ, നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ പോകുകയോ ഉണ്ടായിട്ടില്ല. എന്നാൽ കരുനാഗപ്പള്ളി താലൂക്ക് ഡിപ്പോയുടെ അധീനതയിലുള്ള 13.653 സെന്റ് സ്ഥലത്തുകൂടി വഴി വേണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ആമിനാ ബീവി എന്നയാൾ കരുനാഗപ്പള്ളി മുൻസിഫ് കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരുന്നു. (ഒ.എസ്. നം. 102/96) ടി കേസിൽ 20-12-2002-ൽ കോർപ്പറേഷന് അനുകൂലമായ വിധി സമ്പാദിച്ചു. പ്രസ്തുത വിധിക്കെതിരെ ശ്രീമതി ആമിനാ ബീവി കൊല്ലം ജില്ലാ കോടതിയിൽ ആർ.എഫ്.എ. 68/02-ാം നമ്പർ അപ്പീൽ ഹർജി നൽകിയിരിക്കുകയാണ്.

(സി) ഉദിക്കുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കേസ്സിൽ ഉൾപ്പെട്ട സ്ഥലം

44 [2013] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലം കേസിൽ കുടുങ്ങി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേസിൽ നിന്നും പ്രസ്തുത സ്ഥലം മോചിപ്പിച്ച് കോർപ്പറേഷന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ സ്ഥലത്ത് കോർപ്പറേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെങ്കിലും നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) കേസിൽ നിന്നും പ്രസ്തുത സ്ഥലം മോചിപ്പിക്കുന്നതിന് കരുനാഗപ്പള്ളി മുൻസിഫ് കോടതിയിൽ നിന്ന് 20-12-2002-ലെ ഒ.എസ്. നം. 102/96-ാം നമ്പർ വിധിപ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുകൂലമായ തീരുമാനം നേടി. ഇതിനെതിരെ ജില്ലാ കോടതിയിൽ അപ്പീൽ നിലവിലുണ്ട്. ഇതിൽ തീർപ്പായാൽ ടി സ്ഥലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കരുനാഗപ്പള്ളി ഡിപ്പോ ഓഫീസും, ഗോഡൗണും ഉൾപ്പെട്ട ഒരു കെട്ടിട സമുച്ചയം പണിയുവാൻ ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly